# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5499 01/07/2014 - ൽ മറുപടിയ്ക്ക്**

## അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികവർഗ്ഗ യുവതിയുവാക്കൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അഭ്യസ്ത വിദ്യരായ എത്ര പട്ടികവർഗ്ഗ യുവതീ-യുവാക്കൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്; | (എ) 2008-ൽ തദ്ദേശസ്വയംഭരണ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടത്തിയ സർവ്വേ പ്രകാരം സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ 179235 പട്ടികവർഗ്ഗ യുവതീയുവാക്കൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) ഇതിൽ എസ്.എസ്.എൽ.സി/ പ്ലസ്ടു, ഡിഗ്രി, പി.ജി, പ്രൊഫഷണൽ ഡിഗ്രി ഉള്ളവർ എത്രപേർ വീതമുണ്ട് ; | (ബി) ഇതിൽ 27451 പേർ എസ്.എസ്എൽ..സി യും 15749 പേർ പ്ലസ്ടു -ഉം 4216 പേർ ഡിഗ്രിയും 764 പേർ പി.ജിയും 285 പേർ പ്രൊഫഷണൽ ഡിഗ്രിയും വിജയിച്ചിട്ടുണ്ട്. |
| (സി) അഭ്യസ്തവിദ്യരായ എത്ര പേർ തൊഴിൽ രഹിതരായിട്ടുണ്ട് ; | (സി) 140440 അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുണ്ട്. |

(ഡി) തൊഴിൽരഹിതർക്ക് സംസ്ഥാന, ദേശീയ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും വിജയം കരസ്ഥമാക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് വകുപ്പു മുഖേന ചെയ്തു കൊടുക്കുന്നതെന്ന വിശദാംശം വ്യക്തമാക്കാമോ?

(ഡി) തൊഴിൽരഹിൽ രഹിതരായ പട്ടികവർഗ്ഗക്കാർക്ക് പി.എസ്.സി. പരീക്ഷ കൾക്ക് തയ്യാറെടുക്കുന്നതിന് പ്രത്യേക പരിശീലന പരിപാടി വിവിധ ജില്ലകളിൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ നൽകി വരുന്നു.

തൊഴിൽ രഹിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള രജിസ്ട്രഷന് പ്രത്യേക ക്യാമ്പുകൾ നടത്തി വരുന്നു. പി.എസ്.സി. പരീക്ഷകൾക്ക് ഹാജരാകുന്ന പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് യാത്രാ ബത്ത വിവിധ പഞ്ചായത്തുകൾ വഴി പട്ടികവർഗ്ഗ വികസന വകുപ്പ് അനുവദിച്ചു വരുന്നു. സിവിൽ സർവ്വീസ് പരിശീലനത്തിന് മിടുക്കരായ പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**